"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷകെടുതികൾ - എസ്.ഡി.ആർ.എഫ്. -കോഴിക്കോട് ജില്ല - ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് - ചക്രകുളങ്ങര ചെമ്മലപ്രം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽതുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.206/2025/DMD തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-
1. 21.09.2023 ലെ സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി.
2. കോഴിക്കോട് ജില്ലാകളക്ടറുടെ 24.03.2025 ലെ DCKKD/3304/2024-F3 നമ്പർ കത്ത്

**ഉത്തരവ്**

എസ്. ഡി. ആർ. എഫ് മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ചക്രകുളങ്ങര ചെമ്മലപ്രം റോഡ് പുനരുദ്ധാരണ പ്രവൃത്തി പെരുമാറ്റച്ചട്ടം പിൻവലിച്ചതിന് ശേഷം ഇ-ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ റീ ഇ -ടെണ്ടർ നടത്തുകയും കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിച്ചതെന്നും ആയതിനാൽ ആണ് നിർവ്വഹണാനുമതിയിൽ പരാമർശിച്ച സമയപരിധിയിൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ചക്രകുളങ്ങര ചെമ്മലപ്രം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്. ഡി. ആർ. എഫ് മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/76/2025-DMD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

Signed by
Kumari Rekha S R
Date: 02-04-2025 17:08:23